ഭൂമിയും വീടും നൽകുന്നതിന് പദ്ധതി

133 [1112] ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. എം. വി. ജയരാജൻ:
,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയും വീടുമില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഇവ നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഇവർക്കുവേണ്ടി എത്ര ഹെക്ടർ ഭൂമിയാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളതെന്നും അത് എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ആറളം ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യാൻ വേണ്ടി സർക്കാർ ഏറ്റെടുക്കുന്നുണ്ടോ; എങ്കിൽ എന്തു മാനദണ്ഡം അനുസരിച്ചാണ് പ്രസ്തുത നടപടി സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സ്വന്തമായി ഭൂമിയും വീടുമില്ലാത്ത പട്ടികജാതിക്കാർക്ക് അവ നൽകുന്നതിനായി 4 തരത്തിലുള്ള പദ്ധതികൾ പട്ടികജാതി വകുപ്പ് നടപ്പിലാക്കി വരുന്നു. ഇവ സംബന്ധിച്ച് വിശദവിവരം അനുബന്ധം (എ)-യിൽ ചേർത്തിരിക്കുന്നു.†

സംസ്ഥാനത്ത് സ്വന്തമായി ഭൂമിയും വീടുമില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമിയും വീടും നൽകുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖാന്തിരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) പട്ടികജാതിക്കാരുടെ പുനരധിവാസത്തിനായി വകുപ്പ് പ്രത്യേകം ഭൂമി ഏറ്റെടുക്കാറില്ല. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയശേഷം ടി ഗുണഭോക്താക്കളുടെ ഇഷ്ടപ്രകാരം അവർ തന്നെ കണ്ടെത്തുന്ന സ്ഥലം ഗുണഭോക്താവിന്റെ തന്നെ പേരിലാണ് വാങ്ങുന്നത്.

ഭൂരഹിതരായ 2245 ആദിവാസി കുടുംബങ്ങൾക്ക് 3210.38 ഏക്കർ ഭൂമി ഇതുവരെ സർക്കാർ ഏറ്റെടുത്ത് വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധം (ബി)-യിൽ കാണാവുന്നതാണ്.† ഇതിനു പുറമെ അനുബന്ധം (സി)-യിൽ† ഉൾപ്പെടുത്തിയിരിക്കുന്ന ഭൂമി ആദിവാസികൾക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആറളം ഫാമിന്റെ ഭൂമി ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി കേരള സർക്കാർ കേന്ദ്രഗവൺമെന്റിൽ നിന്നും ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത ഫാമിന്റെ 50 ശതമാനം ഭൂമി ഫാമായി നിലനിർത്തി ബാക്കി 50 ശതമാനം ഭൂമി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്കു പതിച്ചു നൽകുന്നതാണ്. ഭൂരഹിതരായ ആദിവാസികൾക്ക് മുൻഗണനാ ക്രമത്തിൽ പ്രസ്തുത ഭൂമി വിതരണത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ജോലി തട്ടിപ്പ്

134 [1113] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ജോലി തട്ടിപ്പ് നടത്തിയ എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ടെത്തിയിട്ടുണ്ടെന്നും അവരുടെ പേരിലും അവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകിയ ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻമാരുടെ പേരിലും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എസ്. സി/എസ്. റ്റി. വിഭാഗങ്ങൾക്ക് ഉദ്യോഗ നിയമത്തിനും പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനും ഉള്ള സംവരണം അനർഹമായി വ്യാജ ജാതി സർട്ടിഫിക്കറ്റിലൂടെ നേടിയ എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുണ്ടെന്നും ഇതനുസരിച്ച് എത്ര പേരുടെ മേൽ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ഐ.എ.എസ്., ഐ.പി.എസ്. വിഭാഗത്തിൽപ്പെട്ട ആരെങ്കിലും ഇത്തരം തട്ടിപ്പ് നടത്തി സംവരണം ആനുകൂല്യം നേടിയതായി തെളിഞ്ഞിട്ടുണ്ടോ എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 92 കേസുകൾ കണ്ടെത്തിയിട്ടുണ്ട്. വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ജോലി നേടിയവർക്കെതിരെയും വ്യാജ ജാതി സർട്ടിഫിക്കറ്റ് നൽകിയ റവന്യൂ ഉദ്യോഗസ്ഥർക്കെതിരെയും The Kerala (Scheduled Castes & Scheduled Tribes) Regulation of issue of Community Certificates Act, 1996 (Act 11 of 1996) പ്രകാരം സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 135 കേസുകൾ ഉണ്ടായിട്ടുണ്ട്. ഇവരിൽ 53 പേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കേസുകളിൽ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

(സി) തെളിഞ്ഞിട്ടുണ്ട്. ഐ.പി.എസ്. നേടിയ ആർ. വിശ്വനാഥപിള്ളയുടെ പട്ടികജാതി (വേട്ടുവൻ) അവകാശവാദം വ്യാജമാണെന്ന് തെളിയിക്കപ്പെട്ടതിനെത്തുടർന്ന് അദ്ദേഹത്തെ ജോലിയിൽ നിന്ന് പിരിച്ചയച്ചു.

LIBRARY ARCHIVES Kerala Legislative Assembly